LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗ ആധാർ പദ്ധതി

151(2352) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-9-2015-ന് ശേഷം എം. എസ്. എം. ഇ. പാർട്ട് I, II നിർത്തലാക്കിയതിന് പകരമായി നടപ്പിലാക്കിയ ഉദ്യോഗ ആധാർ നിലവിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉദ്യോഗ ആധാർ നിലവിൽ വന്നതിന് ശേഷം പുതിയ വ്യവസായ സംരംഭകരും വ്യവസായികളും നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉദ്യോഗ ആധാർ പ്രകാരം വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയതിന് ശേഷം മാത്രമെ വൈദ്യുതി കണക്ഷൻ ലഭിക്കുകയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉദ്യോഗ ആധാർമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗ ആധാർ നിലവിൽ വന്നതിനു ശേഷം പുതിയ വ്യവസായ സംരംഭകരും വ്യവസായികളും നേരിടുന്ന ബുദ്ധിമുട്ടുകളെ കുറിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദ്യോഗ ആധാർ നടപ്പിലാക്കുന്നതുമൂലം എന്തെങ്കിലും പ്രശ്നങ്ങൾ ഉയർന്നുവരുന്നതായി കണ്ടാൽ അതത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ആശ്വാസ പെൻഷൻ പദ്ധതി

152(2353) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിനേശ് ബീഡി തൊഴിലാളികൾക്കുള്ള 'ആശ്വാസ പെൻഷൻ പദ്ധതി' പ്രകാരം ഏത് മാസം വരെ പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ നിലവിൽ എത്ര പേർ പെൻഷന് അർഹരായിട്ടുണ്ടെന്നും എത്ര കുടിശ്ശിക നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കുടിശ്ശിക നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദിനേശ് ബീഡി തൊഴിലാളികൾക്കുള്ള 'ആശ്വാസ പെൻഷൻ പദ്ധതി' പ്രകാരം 2013 ഫെബ്രുവരി മാസംവരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ 2780 പേർ പെൻഷന് അർഹരാണ്. പെൻഷൻ കടിശ്ശിക അനുവദിക്കുന്നതിലേയ്ക്കായി 2013 മാർച്ച് മാസംമുതൽ നടപ്പുസാമ്പത്തിക വർഷാവസാനംവരെ 5,14,30,000 രൂപ ആവശ്യമാണ്.

(സി) കേരള ദിനേശ് ബീഡി തൊഴിലാളി സഹകരണ സംഘത്തിലെ തൊഴിലാളികൾക്കുള്ള ആശ്വാസ പെൻഷൻ കടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

ഭക്ഷ്യ സംസ്കരണ മിഷൻ

153(2354) ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷൻ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയം ദേശീയതലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ. ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ചയും വികസനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിലെ കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധന ഉറപ്പാക്കുക, മികച്ച വില ലഭ്യമാക്കുക, ഉൽപ്പന്നങ്ങൾ കേടാകുന്നത് തടയുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ ഉപഭോക്താവിന് ഭക്ഷ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.